പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1481

14.06.2013 - ൽ താൽക്കാലിക മറുപടി നല്കിയത്

**കർഷകരെ സഹായിക്കുന്നതിന് പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബാബു. എം. പാലിശ്ശേരി | ശ്രീ. കെ. പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇതേ വരെ എത്ര കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട് ; | (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം 14.06.2013 വരെ 47 കർഷകർ ആത്മഹത്യ ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) കാർഷിക മേഖലയുടെ തകർച്ചയാണ് കർഷക ആത്മഹത്യ പെരുകുന്നതിന് കാരണമായിട്ടുള്ളത് എന്നതു കണക്കിലെടുത്ത് കർഷകരെ സഹായിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ ;<br>(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ ? | (ബി) & (സി) സംസ്ഥാനത്തൊട്ടാകെ കാർഷിക പ്രതിസന്ധി മൂലം കർഷകർ ആത്മഹത്യ ചെയ്യുന്നില്ല. 2011- ലെ അവസാന മാസങ്ങളിൽ കർഷകരുടെ ഇടയിൽ ആത്മഹത്യാ പ്രവണത കണ്ടു തുടങ്ങിയപ്പോൾ തന്നെ സർക്കാർ സമയോചിതമായി ഇടപെടുകയും കർഷകരുടെ ആത്മഹത്യ ഇല്ലാതാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഏറ്റവും കൂടുതൽ ആത്മഹത്യ റിപ്പോർട്ട് ചെയ്ത വയനാട് ജില്ലയിലെ കാർഷിക പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്